പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

01.07.2015 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 1256

## ഹോട്ടലുകളിലെ ഭക്ഷണ വില നിയന്ത്രണം

ചോദ്യം

**ശ്രീമതി. കെ.എസ്.സലീഖ:**

ഉത്തരം

**ശ്രീ. അനൂപ് ജേക്കബ്**

(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) ഹോട്ടൽ/തട്ടുകടകൾ/ ബേക്കറികൾ എന്നിവ അമിതവില ഈടാക്കുന്നതും പഴകിയ ഭക്ഷണം നൽകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു വെന്നറിയിക്കുമോ ;

(ബി) ഹോട്ടലുകളിലെ അമിതവില തടയാൻ ഭക്ഷണവില നിയന്ത്രണ ബില്ലിന് രൂപം നൽകിയിട്ട് എത്രകാലമായി എന്നും ആയതു പാസ്സാക്കാൻ താമസിക്കുന്നതിനു കാരണമെന്തെന്നും എപ്പോൾ പാസ്സാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ

(എ) & (ബി) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹോട്ടൽ/ തട്ടുകടകൾ/ ബേക്കറികൾ എന്നിവ കേന്ദ്രീകരിച്ച് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും വൃത്തിഹീനമായ അന്തരീക്ഷത്തിലോ പഴകിയതോ ആയ ഭക്ഷണം നല്കുന്ന സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുവാനായുള്ള നിയമ നിർമ്മാണം പരിശോധനയിലാണ്. ഇതു സംബന്ധിച്ച് നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തി തികച്ചും ലളിതവും പ്രായോഗികവുമായ നിയമ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കരട് ബിൽ തയ്യാറായി വരുന്നു.

(സി) നഗരങ്ങളിൽ അമിതവില ഈടാക്കുന്ന ഭൂരിഭാഗം ഹോട്ടലുകളും മറ്റു സംസ്ഥാനക്കാരാണ് നടത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി), (ഡി) & (ഇ) സാധാരണക്കാർ ആശ്രയിക്കുന്ന എല്ലാ ഹോട്ടലുകളെയും റെസ്റ്റോറന്റുകളെയും നിർദ്ദിഷ്ട നിയമത്തിന്റെ പരിധിയിൽ വരുത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. വില വിവര പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കാത്ത

| | | | |
|---|---|---|---|
| (ഡി) | ഹോട്ടലുകളിലെ വിലനിലവാരം നിയന്ത്രിക്കാൻ ഈ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും, എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ; | | ഏതു തരം ഹോട്ടലുകളിലും ഭക്ഷ്യ പൊതു വിതരണ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും അത്തരത്തിൽ വില പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |
| (ഇ) | തലസ്ഥാനത്തു തന്നെ ഹോട്ടലുകളിൽ സാദാ ഊണിന് 150 രൂപയും ചായ/കാപ്പിക്ക് 20 രൂപയും ഒരു സെറ്റ് ദോശയ്ക്ക് 70ൽ അധികം രൂപയും ഈടാക്കുന്ന അന്യസംസ്ഥാനക്കാരുടെ ഹോട്ടലുകളിലും ബേക്കറികളിലും ഭക്ഷണ വില നിയന്ത്രണം ഏർപ്പെടുത്താൻ എന്തു നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ ; | | |
| (എഫ്) | 2013 സെപ്തംബറിൽ തയ്യാറാക്കിയ ബിൽ, നിയമ വകുപ്പ് തുടർ നടപടികൾ സ്വീകരിക്കാതെ വച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ , എങ്കിൽ ആയതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ? | (എഫ്) | ഇല്ല. ഇതു സംബന്ധിച്ച് നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തി തികച്ചും ലളിതവും പ്രായോഗികവുമായ നിയമ നിർമ്മാണ ത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കരട് ബിൽ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ